ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രധാനമന്ത്രിയുടെ റോസ്ഗാർ യോജന
തൊഴിൽദാന പദ്ധതി

60 [1199] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ റോസ്ഗാർ യോജന' എന്ന തൊഴിൽദാന പദ്ധതി സംസ്ഥാനത്ത് എന്നു മുതലാണ് നടപ്പിലാക്കിയത്;

(ബി) ഈ പദ്ധതിയനുസരിച്ച് ഓരോ വർഷവും എത്ര തുക വീതമാണ് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്;

(സി) ഓരോ വർഷവും പ്രസ്തുത പദ്ധതിയനുസരിച്ച് ലക്ഷ്യമിട്ടിരുന്ന ഗുണഭോക്താക്കളുടെ എണ്ണവും സാമ്പത്തിക ലക്ഷ്യവും എത്രയായിരുന്നു;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം വനിതാ ഗുണഭോക്താക്കൾക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യം ഉണ്ടായിരുന്നുവോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) മേൽപദ്ധതി പ്രകാരം ഓരോ വർഷവും എത്ര വനിതാ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1993 ഒക്ടോബർ 2 മുതൽ.

(ബി) ഈ പദ്ധതിയനുസരിച്ച് കേന്ദ്ര സർക്കാരിൽനിന്ന് ഓരോ വർഷവും സംസ്ഥാനത്തിന് ലഭ്യമായ തുക താഴെ കൊടുക്കുന്നു:

	വർഷം		തുക
(1)	1993-94	..	30,21,250
(2)	1994-95	..	1,15,00,250
(3)	1995-96	..	1,01,21,900
(4)	1996-97	..	35,15,150
(5)	1997-98	..	31,25,250
(6)	1998-99	..	1,10,59,600
(7)	1999-2000	..	1,02,47,350
(8)	2000-01	..	1,11,39,850
(9)	2001-02	..	1,17,71,830
(10)	2002-03	..	89,84,200
(11)	2003-04	..	77,63,380

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ വർഷവും ലക്ഷ്യമിട്ടിരുന്ന ഗുണഭോക്താക്കളുടെ എണ്ണം താഴെ കൊടുക്കുന്നു. എന്നാൽ സാമ്പത്തിക ലക്ഷ്യത്തെക്കുറിച്ച് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളിൽ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്തതിനാൽ പ്രോജക്ടുകളുടെ സാമ്പത്തിക ലക്ഷ്യത്തെക്കുറിച്ച് പ്രത്യേകം സൂചിപ്പിക്കാറില്ല.

	വർഷം		ഗുണഭോക്താക്കളുടെ എണ്ണം
(1)	1993-94	..	2755
(2)	1994-95	..	15000
(3)	1995-96	..	16000
(4)	1996-97	..	15000
(5)	1997-98	..	16000
(6)	1998-99	..	20000
(7)	1999-00	..	24000
(8)	2000-01	..	23700
(9)	2001-02	..	22000
(10)	2002-03	..	19250
(11)	2003-04	..	20350

(ഡി) ഉണ്ട്. വനിതകൾക്ക് പ്രത്യേക ആനുകൂല്യമായി ഉയർന്ന പ്രായ പരിധിയിൽ അഞ്ച് വർഷത്തെ ഇളവ് ഈ പദ്ധതിയിൽ അനുവദിക്കുന്നു. കൂടാതെ വനിതാ സംരംഭകർക്ക് മുൻഗണന നൽകണമെന്നും കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ഇ)

	വർഷം		വനിതാ ഉപഭോക്താക്കളുടെ എണ്ണം
(1)	1993-94	..	184
(2)	1994-95	..	1216
(3)	1995-96	..	1603
(4)	1996-97	..	1228
(5)	1997-98	..	1858
(6)	1998-99	..	1345
(7)	1999-00	..	1867
(8)	2000-01	..	1584
(9)	2001-02	..	1927
(10)	2002-03	..	2408

കാസർഗോഡ് ജില്ലയിൽ പി. എം. ആർ. വൈ പ്രകാരമുള്ള സ്വയം തൊഴിൽ വായ്പ ലഭ്യമാക്കാൻ നടപടി

61 [1200] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പി. എം. ആർ. വൈ സ്വയം തൊഴിൽ പദ്ധതി പ്രകാരം 2003-ൽ എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകരിൽ എത്ര പേരെ ഇന്റർവ്യൂവിന് ക്ഷണിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly